കൊച്ചി നഗരത്തിലെ മാലിന്യപ്രശ്നം

39 [1725] *പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ നടപടി എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊച്ചി നഗരത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഫല പ്രദമായി നടന്നുവരുന്നു. കുന്നത്തുനാട് താലൂക്കിൽ പുത്തൻകുരിശ് വില്ലേജിൽ ബ്രഹ്മപുരം കരയിൽ കൊച്ചി കോർപ്പറേഷന് ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ 65.2 ഏക്കർ സ്ഥലം ഫാസ്റ്റ് ട്രാക്ക് പ്രോജക്ട് വിഭാഗത്തിൽപ്പെടുത്തി ഏറ്റെടുക്കുന്നതിന് കൊച്ചി നഗരസഭയ്ക്കനുമതി നൽകിയിട്ടുണ്ട്. ബ്രഹ്മപുരത്ത് നഗര മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് നഗരസഭയ്ക്ക് സാധിക്കുന്ന മുറയ്ക്ക് നഗരം നേരിടുന്ന ഏറ്റവും രൂക്ഷമായ മാലിന്യ സംസ്ക്കരണ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാകുന്നതാണ്. നഗരത്തിലെ കുടുംബശ്രീ യൂണിറ്റുകൾ മുഖേന ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ വെർമി കമ്പോസ്റ്റ് ആക്കുന്നതിനും ബാക്ടീരിയ മുഖേന മാലിന്യങ്ങൾ വളമാക്കുന്ന പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. എന്നാൽ ഇത് വളരെ കുറച്ചു സ്ഥലത്തേ ഫലപ്രദമായി ചെയ്യുന്നുള്ളൂ. ഈ പ്രവർത്തനം നഗരത്തിലെ എല്ലാ ഡിവിഷനുകളിലും നടപ്പിലാക്കുന്നതിന് നഗരസഭ ശ്രമം നടത്തുന്നുണ്ട്. എന്നാൽ വളരെയധികം വരുന്ന നഗരമാലിന്യങ്ങൾ സംസ്ക രിക്കുന്നതിന് ഈ പ്രവർത്തനം മതിയാകുകയില്ല. അതിനാൽ ഡിവിഷനുകളിൽ സംസ്ക്കരിക്കാൻ സാധിക്കാത്ത മാലിന്യങ്ങൾ സഹകാര്യ വ്യക്തികളുടെ സ്ഥലങ്ങൾ തേടിയാണ് ഇപ്പോൾ സംസ്ക്കരണം നടത്തി വരുന്നത്. ചേരാനല്ലൂരും ബ്രഹ്മപുരത്തും ജനങ്ങളുടെ സംഘടിത എതിർപ്പുമൂലം ചവർ സംസ്ക്കരണം സാദ്ധ്യമാകാതെ വന്നതിനാൽ കൊച്ചിൻ പോർട്ടിന്റേയും നേവിയുടേയും പ്രത്യേകാനുമതി നേടിക്കൊണ്ട് വാതുരുത്തിക്ക് സമീപമുള്ള പോർട്ട് ട്രസ്റ്റ് വക സ്ഥലത്ത് നഗരമാലിന്യ ങ്ങൾ സംസ്ക്കരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly